## കത്തുകൾ – അറിയിപ്പുകൾ

കേരളീയം, തൃശ്ശൂർ-21

## വിശ്വാസ്യതയിൽ സംശയമുണ്ട്

കേരളീയത്തിലെ വിഭവങ്ങൾ നന്നാവുന്നുണ്ട് ഒരു വിധം നിഷ്പക്ഷവും കാലിക പ്രാധാന്യമുള്ളവയാണ്. എങ്കിലും ചിലകാര്യങ്ങളിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. കാരണം മുൻലക്കങ്ങളിൽ ആംവേ ഇന്ത്യയെ കുറിച്ച് നല്ല അഭിപ്രായമെഴുതി. ഉദാഹരണം ആംവേ വെച്ചടി വെച്ചടി മുന്നോട്ട് പിന്നീടുള്ള ലക്കങ്ങളിൽ ഇത് മാരകമായ ചെയിനുകളായി മാറുമെന്ന് കേരളീയം തന്നെ പറയുന്നു. കൂടാതെ മണിചെയിനുകൾ പോലെ പ്രവർത്തിക്കുന്ന മരുന്നുകൾ ആപത്താണെന്ന് കേരളീയം പറയുന്നു. ഇത് ഏത് കമ്പനി മരുന്നിനെ ഉദ്ദേശിച്ചാണ് പറയുന്നത്. DXN കമ്പനിക്കാണെങ്കിൽ അവർക്ക് ഇന്ത്യ ആൾട്ടനേറ്റീവ് മെഡിസിന്റെ അംഗീകാരമുണ്ട്. ഇതൊക്കെ വാർത്തകൾക്ക് വിശ്വാസ്യതകുറക്കുന്നതല്ലേ?

*പ്രഭാകരൻ ചെറുവത്തൂർ*

(വെച്ചടി വെച്ചടി മുന്നോട്ട് - ഒരു പരസ്യംമാത്രമായിരുന്നു. അത് കേരളീയത്തെ തെറ്റിധരിപ്പിച്ച് ചേർത്തിരുന്നതാണ്. അപകടകരവും തെറ്റിധാരണാജനകവുമായിതനാൽ ആംവേയെക്കുറിച്ചും മറ്റും വിശദമായ അന്വേഷ പഠനങ്ങൾ തുടർ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ. - പത്രാധിപർ)

## പരാക്രമം സ്ത്രീകളോടല്ല വേണ്ടൂ

ഭരണപക്ഷത്തിന്റെ മുഖം രക്ഷിക്കേണ്ടത് വനിതകമ്മീഷനെ പിരിച്ചുവിട്ടുകൊണ്ടാണോ? ജി. കാർത്തികേയൻ, കടവൂർ ശിവദാസൻ എന്നിവർക്കെതിരെ തങ്കം കെ. വർമ്മ നൽകിയ ലൈംഗിക പീഡനകേസ്സിൽ ഈ മാസം 30ന് പരിഗണിക്കാനിരിക്കേ വനിതാകമ്മീഷനെ പിരിച്ചുവിട്ട നടപടി യു.ഡി.എഫ് സർക്കാറിന്റെ ജനാധിപത്യ നയത്തെ ചോദ്യം ചെയ്യുന്നതാണ്. ആദ്യം കമ്മീഷന്റെ അംഗസംഖ്യ മൂന്നാക്കി കുറക്കാനുള്ള നീക്കത്തിനു പിന്നിൽ സാമ്പത്തിക പ്രതിസന്ധിയെന്ന പുകമറയെങ്കിലുമുണ്ടായിരുന്നു. വനിതാ കമ്മീഷനെ പിരിച്ചുവിട്ട നടപടിക്ക് എന്തു ന്യായീകരണമാണ് ഈ സർക്കാരിനുള്ളത്? മനുഷ്യത്വമില്ലാത്ത 'പുരുഷന്മാർക്ക്' പരോക്ഷമായി ഈ സംഭവം പീഡനത്തിന് പ്രചോദനം നൽകുന്നു. സ്ത്രീകളുടെ പ്രവർത്തനശേഷിയെ കാര്യമായി ബാധിക്കുന്നു.

*ചേതന തൃശ്ശൂർ*

## മന്തുരോഗത്തിന്റെ പേരിൽ ചൂഷണം

മന്തു രോഗത്തിന്റെ പേരിൽ ഏതോ ഗുളികകൾ വിഴുങ്ങാൻ ആളുകളെ നിർബ്ബന്ധിക്കുവാനായി ആരോഗ്യരക്ഷാപ്രവർത്തകർ തയ്യാറെടുക്കുന്നതായി അറിയുന്നു.

അനേകം വൈദ്യസമ്പ്രദായങ്ങൾ നിലവിലുള്ള നമ്മുടെ നാട്ടിൽ 'അലോപതി' സമ്പ്രദായക്കാരുടെ നിർദ്ദേശങ്ങൾ മാത്രം കണക്കിലെടുത്ത് പരിപാടികൾ ആവിഷ്കരിക്കുന്നത് ശരിയാണോ? രോഗങ്ങളുടെ പ്രാഥമിക കാരണമായി രോഗാണുക്കളെ കാണുന്നവർക്കു മാത്രമെ വിഷമരുന്നുകൾ ഉപയോഗിച്ചുള്ള ചികിത്സയും പ്രതിരോധ നടപടികളും അംഗീകരിക്കാനാവൂ. ഇവർ പ്രചരിപ്പിക്കുന്ന രോഗാണു സിദ്ധാന്തത്തിന്റെ അടിത്തറ തകർക്കുന്ന പല പഠനഫലങ്ങളും ഇതിനകം പുറത്തുവന്നിട്ടുണ്ട്. രാസമരുന്നു കമ്പനികളുടെയും അനുബന്ധമായ മറ്റു സ്ഥാപിത താൽപര്യക്കാരുടെയും സമ്മർദ്ദങ്ങളിൽപെട്ട് അവയൊന്നും വെളിച്ചം കാണുന്നില്ലെന്നു മാത്രം.

ശരിയായ ഭക്ഷണവും ജീവിതരീതിയും പരിസര ശുചിത്വവും പ്രചരിപ്പിക്കുന്നതിനു പകരം പല രാജ്യങ്ങളിലും നിരോധിച്ചതോ നിരോധിക്കപ്പെടേണ്ടതോ ആയ രാസമരുന്നുകളും അണുനാശിനികളും ഉപയോഗിച്ചുകൊണ്ട് ആരോഗ്യരക്ഷാപ്രവർത്തനം നടത്തുന്നത് ഇരുട്ടുകൊണ്ട് ഓട്ടയടക്കാൻ ശ്രമിക്കുന്നതുപോലെ നിരുപദ്രവകരമല്ല, വെളുക്കാൻ തേച്ചത് പാണ്ടാവുന്നതുപോലെ അപകടകരം തന്നെയാണ്.

ഈ വിഷയത്തെപറ്റി വിശദമായ അന്വേഷണങ്ങൾ നടത്തി സമ്മർദ്ദങ്ങൾക്ക് വഴിപ്പെടാതെ സത്യം ബഹുജനമദ്ധ്യത്തിലെത്തിക്കാൻ മാധ്യമപ്രവർത്തകർ തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു.

*ജയരാജൻ*
*തലക്കുളത്തൂർ*

IFFK 2002

## അനന്തപുരിയിൽനിന്ന് കുടിയിറക്കണം

ഏഴാമത് ഐ.എഫ്.എഫ്.കെയുടെ ഓപ്പൺഫോറത്തിൽ വെച്ച് ചലച്ചിത്രോത്സവത്തിന്റെ സ്ഥിരം വേദി തിരുവനന്തപുരം ആകുന്നതിന് അടൂർഗോപാലകൃഷ്ണൻ പറഞ്ഞ ഞായം ശരിയാണ്. അന്താരാഷ്ട്ര വിമാനത്താവളം, സർക്കാർ സിനിമാശാലകൾ, പ്രിന്റുകൾ കൈകാര്യം ചെയ്യാനറിയുന്ന മിടുക്കന്മാർ, മാനവീയം ചലച്ചിത്രം തുടങ്ങി എല്ലാം ഉത്സവങ്ങളും തലസ്ഥാനത്തിരുന്ന് സംസ്ഥാനവരുമാനത്തിന്റെ നല്ലൊരു പങ്ക് പറ്റുന്ന (ശ്രീ പത്മനാഭന്റെ നാലുചക്രമെന്ന് പഴയ അനന്തപുരിക്കാർ) നിങ്ങൾക്കുള്ളതല്ലോ.

ഞങ്ങൾ ഉത്സവങ്ങളെല്ലാം എന്നേ നഷ്ടപ്പെട്ടവർ. ആ നാട്ടു-കാട്ടുരൂപങ്ങളെല്ലാം സംസ്ഥാനത്തിന്റെ (തലസ്ഥാനത്തിന്റെ) അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടികളുടെ ഘോഷയാത്രകൾക്കു മുന്നിലെ കെട്ടുകാഴ്ചകളായി പരിണമിച്ചിട്ട് നാളെറെയായല്ലോ ഇനിയുള്ളത് നല്ലസിനിമകളാണ് അത് എത്തിച്ചുതരാനെങ്കിലും കേരളത്തിന്റെ പേരിലുള്ള ചലച്ചിത്ര അക്കാദമിക്ക് ബാധ്യതയില്ലേ?

അക്കാദമിയുടെ പ്രൊജക്ടർ, കാസറ്റുകൾ എന്നിവ ഇങ്ങേ തലക്കൽ ജീവിക്കുന്ന ഞങ്ങൾക്ക് അല്പാല്പമായിരിക്കുകയാണ്. അങ്ങിനെയാണ് അനേകം കൊച്ചുകൊച്ചു ഫിലിം സൊസൈറ്റികൾക്കുള്ള സാദ്ധ്യതകൾ നഷ്ടപ്പെടുകയും ഉള്ളത് നശിക്കുകയും ചെയ്യുന്നത്.

ചലച്ചിത്രമേളകളേക്കാൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും അതിന്റെ പകുതി പണം കൊണ്ട് പോലും ചെയ്യാവുന്നവയാണ് നല്ല സിനിമകൾ എല്ലാ ഗ്രാമങ്ങളിലും പരിചയപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ. ഏറ്റവും പുതിയ സിനിമകളല്ലാത്തവ കാസറ്റുരൂപത്തിൽ അക്കാദമിക്ക് സംഘടിപ്പിക്കാവുന്നതുമാണ്. ഇങ്ങനെ ഒരു വികേന്ദ്രീകരണമുണ്ടാവുന്നില്ലെങ്കിൽ നല്ല സിനിമകൾ പ്രതീക്ഷിച്ച് (?) വടക്കു നിന്ന് ഞങ്ങൾ എല്ലാ വർഷവും തിരുവനന്തപുരത്ത് വരേണ്ടിവരും.

യാത്ര, താമസം, ഭക്ഷണം എന്നിവയൊക്കെയായി വടക്കൻജില്ലകളിൽ നിന്നുള്ള ഒരാൾക്ക് മൂവായിരം - നാലായിരം രൂപയെങ്കിലും ചെലവുവരും.

മൊത്തം ഡെലിഗേറ്റുകൾ 6000 ത്തിനടുത്ത് പങ്കെടുത്ത മേളയിൽ വയനാട് ജില്ലയിൽ നിന്ന് പത്തിൽ താഴെ ആളുകളാണ് പങ്കെടുത്തത്.

കഴിഞ്ഞ വർഷം മലമുകളിൽ നിന്നിറങ്ങി ഭൂമിക്കുവേണ്ടി സെക്രട്ടറിയേറ്റിനു മുന്നിൽ കുടിൽ കെട്ടി കഞ്ഞിവെച്ച് സമരം ചെയ്തവരെപോലെ, മേളക്കു വരുന്നവരും ചട്ടിയും കലവുമായി വന്ന് കലാഭവനുമുൻപിലോ കൈരളിക്കുമുന്നിലോ ഇരുന്ന് കഞ്ഞിവെച്ച് കുടിച്ചു താമസിച്ച് സിനിമകൾ കാണേണ്ടിവരും.

ആയതിനാൽ ഉത്സവങ്ങളെല്ലാം നിങ്ങളെടുത്തോളൂ നല്ല സിനിമകളെങ്കിലും ഞങ്ങൾക്കു തരൂ.

*സതീഷ്, നൂതി, മുണ്ടേരി, കൽപ്പറ്റ.*

## അംബേദ്ക്കറൈറ്റ് – ബുദ്ധിസ്റ്റ് സ്റ്റഡി ക്യാമ്പ്

2002 മെയ് 11,12 തിയ്യതികളിൽ തൃശ്ശൂരിൽ, അയ്യന്തോൾ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ. ബന്ധപ്പെടുക: പി.കെ.വേലായുധൻ മാസ്റ്റർ, ഫോൺ: 287815

## എ.ഡി.ബി കേരളം വിടുക

കണ്ണൂർ: സാമ്രാജ്യത്ത വായ്പക്കെതിരെ ദേശാഭിമാന സമ്മേളനം മെയ് 1ന് കണ്ണൂരിൽ നടന്നു. കെ. അജിത ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഡോ. ഡി. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. 'ആഗോളവൽക്കരണം - ദേശരാഷ്ട്രം, സാമൂഹ്യപ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ ഡോ. എ.കെ. രാമകൃഷ്ണൻ, സാമ്രാജ്യത്ത വായ്പയും ജനതയുടെ രാഷ്ട്രീയ അധികാരവും-കെ. ഗിരീഷ് കുമാർ , കേരളത്തിന്റെ വികസനം - ഒരു ജനാധിപത്യ ബദൽ - സി.ആർ. നീലകണ്ഠൻ നമ്പൂതിരി, കെ. രാമചന്ദ്രൻ, ലിസി മാമൻ തുടങ്ങിയവർ സംസാരിച്ചു. ഡോ. എ. കെ. രാമകൃഷ്ണൻ ചെയർമാനും, കെ. ഗിരീഷ് കുമാർ കൺവീനറുമായി സമിതി രൂപീകരിച്ചു. സംസ്ഥാനതല ജാഥ, തിരുവനന്തപുരത്ത് കൺവെൻഷൻ, തുടർന്ന് നിയമലംഘന സമരം തുടങ്ങിയവയാണ് പരിപാടികൾ.

## വർഗ്ഗീയക്കെതിരെ ജനകീയ കൂട്ടായ്മ

സാംസ്കാരിക ജാഥ തൃശ്ശൂർ ജില്ലയിലെ വിവിധപ്രദേശങ്ങളിൽ മെയ് 15 ന് മേത്തലയിൽ നിന്നാരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : കോസ്റ്റ് ഫോർഡ്, അയ്യന്തോൾ - 360788, 364203

## അന്താരാഷ്ട്ര വനിതാ ഫിലിം ഫെസ്റ്റിവൽ

കോഴിക്കോട് മെയ് 21 മുതൽ 24 വരെ, കൂടുതൽ വിവരങ്ങൾക്ക് അന്വേഷി - 0495-744370